# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിനും ഉറപ്പാക്കുന്നതിനും വേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം എല്ലാ കുട്ടികൾക്കും ജനാധിപത്യപരമായ രീതിയിൽ ലഭ്യമാക്കുകയെന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. അതിനാൽ തന്നെ ഓരോ ക്ലാസിലെയും നിർദ്ദിഷ്ട ശേഷികൾ കൃത്യമായി ആർജ്ജിക്കാത്ത പഠനപിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയെന്നതാണ് ഇതിന്റെ പ്രഥമലക്ഷ്യം. അത്തരം കുട്ടികളുടെ പഠനപുരോഗതി ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനതന്ത്രങ്ങളും പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയെന്നതാണ് പദ്ധതിയുടെ പ്രധാന പ്രവർത്തനലക്ഷ്യം. ഈ പ്രവർത്തനത്തിൽ അധ്യാപകരും രക്ഷകർത്താവും പൊതുസമൂഹവും പങ്കാളികളാകേണ്ടതുണ്ട്. ഇവരുടെയെല്ലാം സംയുക്ത പിന്തുണയിലൂടെ കുട്ടികളിലെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ....

## ലക്ഷ്യങ്ങൾ

* കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന നടത്തി പിന്നോക്കക്കാരെ കണ്ടെത്തുക.

* ഓരോ കുട്ടിയും ഏത് മേഖലയിലാണ് പിന്നോക്കം നിൽക്കുന്നതെന്ന് തിരിച്ചറിയുന്നു.

* പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ക്ലാസിനനുസരിച്ചുള്ള പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

* വായനയേയും ലേഖനത്തെയും വളർത്തുന്ന പിന്തുണാപ്രവർത്തനങ്ങളും പഠനതന്ത്രങ്ങളും രൂപീകരിക്കുന്നു.

* പിന്തുണാ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു.

## പ്രവർത്തനവിശദാംശങ്ങൾ

| Sl No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ | *കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>*ഓരോ കുട്ടിയും ഏത് മേഖലയിലാണ് പിന്നോക്കം നിൽക്കുന്നതെന്ന് തിരിച്ചറിയുന്നു.<br>* ഫ്ലാഷ്കാർഡ് മാതൃകയിൽ അക്ഷരക്കാർഡുകൾ പരിചയപ്പെടുത്തുന്നു.<br>* ചിഹ്നങ്ങൾ മാത്രം എഴുതി തയ്യാറാക്കി അക്ഷരങ്ങൾക്കൊപ്പം ചേർത്ത് വച്ച് വായനയ്ക്കവസരം ഒരുക്കുന്നു.<br>* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു<br>* അക്ഷരചിത്രം ഉപയോഗിക്കുന്നു. |

| | | |
|---|---|---|
| | | സംഖ്യാകാർഡ് നിർമ്മാണം |
| 2 | ജൂലൈ | * ചിത്രവായന<br>* വായനാക്കാർഡുകൾ പ്രയോജനപ്പെടുത്തുന്നു.<br>* അക്ഷര വായന<br>* പത്രവായന<br>* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ |
| 3. | ആഗസ്റ്റ് | * പത്രത്തിൽ നിന്നും പരിചിതമായ അക്ഷരങ്ങളും വാക്കുകളും കണ്ടെത്തി വട്ടം വരയ്ക്കുന്നു. |
| 4. | സെപ്തംബർ | * ചെറുകഥാ പുസ്തകങ്ങൾ വായിക്കുന്നു.<br>* ഗണിതക്കിറ്റ് (വിവിധ വസ്തുക്കൾ) തയ്യാറാക്കുന്നു.<br>* ഭാഷാവികാസം ഉറപ്പാക്കുന്ന വർക്ക്ഷീറ്റ് കൾ നൽകുന്നു.<br>* വായിച്ച കഥയെക്കുറിച്ച് ലഘുകുറിപ്പുക എഴുതുന്നു.<br>*ഗണിതക്കിറ്റിലെ വിവിധ വസ്തുക്കൾ ഉപയേ ഗിച്ച് കൂടുതൽ, കുറവ്, സംഖ്യാബോധം എന് ഉറപ്പാക്കുന്നു. |
| 5. | ഒക്ടോബർ | *വായനോത്സവം സംഘടിപ്പിക്കുന്നു.<br>* വായനയ്ക്കായി ICT സാധ്യത പ്രയോജനപ്പെ ടുത്തുന്നു. (വാർത്ത വായനകൾ)<br>* ആസ്വാദ്യകരമായ വായന നടത്തുന്നു.<br>*കുട്ടിക്കവിതകളും കഥകളും വായിച്ച വതരിപ്പിക്കുന്നു. |

| | |
|---|---|
| | * റീഡേഴ്സ് തീയറ്റർ സംഘടിപ്പിക്കുന്നു.<br>* കളിപ്പെട്ടിയിലെ ഗണിതകേളികളുടെ നിരവധി സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു |
| 6 നവംബർ | * രചനോത്സവ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു<br>* സ്വന്തം അനുഭവങ്ങൾ ലഘുവാക്യങ്ങളായി അവതരിപ്പിക്കുന്നു.<br>* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ ചെയ്യുന്നു. |
| 7. ഡിസംബർ | * സ്വായത്തമാക്കിയ വാക്കുകളുപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ അവസരമൊരുക്കുന്നു.<br>* ലഘുകവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.<br>* ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ കളികളിലേർപ്പെടുന്നു. |
| 8 ജനുവരി | *കുട്ടികളുടെ ചെറുകഥകളും കവിതകളും സമാഹരിക്കുന്നു.<br>*കുഞ്ഞെഴുത്ത് പുസ്തകരൂപത്തിലാക്കുന്നു.<br>* നാണയങ്ങൾ, കളിനോട്ടുകൾ എന്നിവയുടെ സഹായത്തോടെ ഗണനവസ്തുതകൾ അവതരിപ്പിക്കുന്നു. |
| 9 ഫെബ്രുവരി | * മാഗസിൻ പ്രകാശനം<br>* ആശയപൂർണ്ണതയോടെ തനതായ രചനകൾ നടത്തുന്നു. |

| | | |
|---|---|---|
| 10 | മാർച്ച് | *മികവുകൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നു.<br>* 5 ഫ്രെയിം ഉപയോഗപ്പെടുത്തുന്നു.<br>* ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.<br>* രചനകൾ പുസ്തക രൂപത്തിലാക്കി പ്രകാശനം ചെയ്യുന്നു.<br>* ഗണിത ആൽബം. |